പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4857

01.07.2013 ലെ മറുപടിയ്ക്ക്

## തീരദേശ സംരക്ഷണ വിജ്ഞാപനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി. ദിവാകരൻ :**<br>**ശ്രീ. പി. തിലോത്തമൻ :**<br>**ശ്രീമതി. ഗീതാ ഗോപി :**<br>**ശ്രീ. വി. ശശി :** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) തീരദേശ സംരക്ഷണ വിജ്ഞാപനം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) തീരദേശ വിജ്ഞാപനത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) 2011-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം പ്രകാരം തീരപ്രദേശത്തെ മത്സ്യത്തൊഴിലാളി വിഭാഗം, മറ്റു പ്രാദേശിക സമൂഹം എന്നിവരുടെ ജീവസന്ധാരണം ഉറപ്പാക്കുക, തീരനിരകളെ സംരക്ഷിച്ചു നിലനിർത്തുക, പരിസ്ഥിതിയും, സമുദ്ര മേഖലയും തനതായ രീതിയിൽ സംരക്ഷിക്കുക, തീരദേശങ്ങളിലെ പ്രകൃതി--ക്ഷോഭങ്ങളെ കണക്കിലെടുത്ത് ശാസ്ത്രീയ തത്വങ്ങൾക്കനുസൃതമായി വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, ആഗോളതാപനം നിമിത്തം കടൽനിരപ്പ് ഉയരുന്ന രാജ്യത്തെ തീരദേശ നിരകൾ കണ്ടെത്തി, ആൻഡമാൻ-നിക്കോബർ, ലക്ഷദ്വീപ് എന്നീ ദ്വീപുകളും അവയുടെ ചുറ്റിലുമുള്ള ഭൂതല ജല പരിധി ഒഴികെ, അവയെ തീരദേശ നിയന്ത്രണ മേഖല (CRZ) യിൽ ഉൾപ്പെടുത്തി അവിടങ്ങളിൽ വ്യസായങ്ങൾ തുടങ്ങുന്നത്, നിലവിലുള്ളവ വികസിപ്പിക്കുന്നത്, 2009-ലെ ആപൽക്കര വസ്തുക്കൾ (കൈകാര്യ ചെയ്യൽ, പരിപാലനം, അതിർത്തിയാനന്തര ഗതാഗതം) നിയമപ്രകാരം |

| | |
|---|---|
| | നിർണയിക്കപ്പെട്ടിരിക്കുന്ന ആപൽക്കരമായ വസ്തുക്കളുമായി ബന്ധപ്പെട്ട പ്രവർത്തനം, സംസ്കരണം, ഉൽപാദനം, കൈകാര്യം ചെയ്യൽ, സൂക്ഷിപ്പ്, പുറന്തള്ളൽ എന്നിവ നിയന്ത്രിക്കുക മുതലായവ; സി.ആർ.ഇസഡ് മേഖലയിൽ നിരോധിക്കപ്പെട്ട പ്രവർത്തനങ്ങൾ, അനുവദനീയമായ പ്രവർത്തനങ്ങൾ എന്നിവയും അനുവദനീയമായ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്നിവയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത വിജ്ഞാപനങ്ങൾ നടപ്പാക്കുന്നതിന് തുടർ നടപടികളില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണുള്ളതെന്ന് വിശദമാക്കുമോ ? | (സി) ഇല്ല. |

Haneefa

സെക്ഷൻ ഓഫീസർ